**പ്രിവിലേജ് പ്രശ്നങ്ങൾ**

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ്, ശ്രീ. ഹൈബി ഈഡൻ എന്നീ അംഗങ്ങൾ നൽകിയ പ്രിവിലേജ് നോട്ടീസ് സംബന്ധിച്ച് ചെറിയ പ്രസ്താവന നടത്താവുന്നതാണ്.

**പ്രിവിലേജ് പ്രശ്നങ്ങൾ**

ശ്രീ. പി. ടി. തോമസ്: സർ, എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് 05.05.2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞ പ്രസ്താവനയാണ് ഈ പ്രിവിലേജിന് ആധാരം. പോലീസിന്റെ പ്രഥമവിവര റിപ്പോർട്ടിലും സേർച്ച് ലിസ്റ്റിലും മുഖ്യമന്ത്രി സഭയിൽ പറഞ്ഞതിൽനിന്നും കടകവിരുദ്ധമായ കാര്യങ്ങളാണുള്ളത്. എഫ്.ഐ.ആർ.-ൽ 1959-ലെ ആംസ് ആക്ട് സെക്ഷൻ - 27 പ്രകാരമാണ് പോലീസ് കേസെടുത്തതായി കാണുന്നത്. എഫ്.ഐ.ആർ.-ന്റെ പാരഗ്രാഫ് 12-ൽ ഗാർഹികമോ കാർഷികമോ ആയ ആവശ്യങ്ങൾക്കല്ലാത്ത മാരകായുധത്തിൽപ്പെട്ട ഒന്നരയടി നീളവും മൂർച്ചയുമുള്ള വെട്ടുകത്തിയടക്കം കമ്പിയും വടികളും എന്നാണ് കാണിച്ചിട്ടുള്ളത്. അതുപോലെ സേർച്ച് ലിസ്റ്റിൽ ഒൻപത് ഐറ്റമുള്ളപ്പോൾ അഞ്ചാമത്തെ ഐറ്റമായി കാണിച്ചിട്ടുള്ള

വാർക്ക കമ്പികളുടെ കാര്യം മാത്രം പ്രാധാന്യം നൽകി മുഖ്യമന്ത്രി സഭയിൽ പറയുകയാണുണ്ടായത്. എഫ്.ഐ.ആർ-ലെ പ്രധാന കാര്യങ്ങളെല്ലാം മറച്ചുവച്ച് പ്രത്യേക ഉദ്ദേശത്തോടുകൂടിയും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനും ആരെയോ രക്ഷിക്കുന്നതിനുംവേണ്ടിയാണ് അദ്ദേഹം ഇങ്ങനെ ചെയ്തതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം തെറ്റിദ്ധാരണാജനകമായ വസ്തുതകൾ മനഃപൂർവ്വമായി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ് പറഞ്ഞതെന്ന് എഫ്.ഐ.ആർ. പരിശോധിച്ചാൽ കാണാവുന്നതാണ്. എഫ്.ഐ.ആർ.-ന്റെ സേർച്ച് ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്.

മി. സ്പീക്കർ: നോട്ടീസ് മുഴുവൻ വായിക്കേണ്ട. മെൻഷൻ ചെയ്താൽ മതി.

ശ്രീ. പി. ടി. തോമസ്: സർ, ഇപ്രകാരം സഭയിൽ തെറ്റായ വിവരം വസ്തുതകൾക്ക് വിരുദ്ധമായും മനഃപൂർവ്വം ആരെയോ സംരക്ഷിക്കുന്നതിനുവേണ്ടിയും മുഖ്യമന്ത്രി പറയുകവഴി സഭയിലെ അംഗങ്ങളുടെയും അതിലൂടെ സഭയുടെ പ്രത്യേക അവകാശങ്ങളുടെയും അന്തസ്സിന്റെയും ലംഘനമാണ് മുഖ്യമന്ത്രി നടത്തിയിട്ടുള്ളത്. അതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നത്തിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

(ശ്രീ. ഹൈബി ഈഡൻ)

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, മഹാരാജാസ് കോളേജുമായി ബന്ധപ്പെട്ട് series of incidents കഴിഞ്ഞ കുറേ നാളുകളായി നടന്നുവരികയാണ്. ആംസ് ആക്ടിലെ സെക്ഷൻ -27 പ്രകാരം എഫ്.ഐ.ആർ. ചാർജ് ചെയ്തിരിക്കുന്ന ഒരു കേസിൽ, പോലീസ് അന്വേഷണത്തിലിരിക്കുമ്പോൾ സഭയിൽ കൃത്യമായ ഒരു നിർദ്ദേശം പോലെതന്നെ പോലീസ് ഏതുതരത്തിലേയ്ക്ക് അന്വേഷണം വഴിതിരിച്ചുകൊണ്ടുപോകണമെന്ന് പറയുന്ന തരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. വാളയാർ ഇഷ്യുവുമായി ബന്ധപ്പെട്ട് കൃത്യമായ എഫ്.ഐ.ആർ.-ന്റെ വളരെയധികം വിശദാംശങ്ങൾ, സത്യം പറഞ്ഞാൽ ഇവിടെ പറയാൻ പാടില്ലാത്ത വിശദാംശങ്ങൾപോലും എഫ്.ഐ.ആർ.-മായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഇവിടെ വായിക്കുകയുണ്ടായി. എന്നാൽ ബോധപൂർവ്വം ആംസ് ആക്ടിലെ സെക്ഷൻ 27 മറച്ചുവയ്ക്കുകയും ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ ഇവ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന പണിയായുധങ്ങളാണെന്ന് പറയുകയുണ്ടായി.

<u>മി. സ്പീക്കർ:</u> ഇത് മെൻഷനാണ്. ഇത് സഭയെ അറിയിക്കൽ മാത്രമാണ്. അത് വിശദീകരിക്കാൻ കീഴ്‌വഴക്കമില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. സഭയുടെ ഒരു പ്രത്യേക പ്രിവിലേജുമായി ബന്ധപ്പെട്ട്, മുഖ്യമന്ത്രിയെപ്പോലെ ഉത്തരവാദിത്വമുള്ള ഒരാൾ സഭയിൽ പറയേണ്ട വിഷയത്തിൽനിന്ന് കൃത്യമായ ഡൈവേർഷൻ നടത്തി. അത് ഇവിടെ ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ബോധപൂർവ്വം ഈ വിഷയത്തെ വഴിതിരിച്ചുവിടാനും ആരെയൊക്കെയോ സംരക്ഷിക്കാനുംവേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയാണ്. അതിനെതിരെയാണ് നോട്ടീസ് കൊടുത്തിട്ടുള്ളത്. ശക്തമായ റൂളിംഗ് ആണ് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്.

മി. സ്പീക്കർ: നോട്ടീസുകൾ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ... കഴിഞ്ഞ ദിവസം അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് ബഹുമാന്യനായ തൃക്കാക്കരയിലെ അംഗം (ശ്രീ. പി. ടി. തോമസ്) ഇവിടെ സംസാരിച്ചപ്പോൾ, പോലീസ് കണ്ടെടുത്ത ആയുധങ്ങളിൽ * ഞാൻ വേണമെങ്കിൽ ഇരിക്കാം, നിങ്ങൾ പറയേണ്ടത് പറയണം.

മി. സ്പീക്കർ : വേണ്ട, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

* ഫയൽ സ്പീക്കറുടെ പരിഗണനയിലാണ്.

ശ്രീ. എം. സ്വരാജ്: സർ, അടിസ്ഥാനരഹിതമായ ഒരു കാര്യം ഈ സഭയെ തെറ്റിദ്ധരിപ്പിക്കും വിധം പച്ചക്കള്ളം പറഞ്ഞിരിക്കുകയാണ്. +

മി. സ്പീക്കർ: ആവശ്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്.*

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. എം. സ്വരാജ് ഒരു പുതിയ മെമ്പറാണ്. + എന്നുള്ള വാക്ക് പാർലമെന്ററിയല്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: അത് പരിശോധിക്കാം. + പാർലമെന്ററിയാണോയെന്നുള്ളത് പരിശോധിച്ച് മറുപടി പറയാം. *

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ്, അങ്ങ് വളരെക്കാലം ഇവിടെ മെമ്പറായിരുന്ന ആളാണ്. അത്രയൊന്നും കാലം ഞാനുണ്ടായിട്ടില്ല. സാധാരണനിലയിൽ പ്രിവിലേജ് നോട്ടീസ് കൊടുത്താൽ ഈ രൂപത്തിലുള്ള ഡിസ്കഷൻ നടക്കാറുണ്ടോ? ഒരു പ്രിവിലേജ് മോഷൻ കൊടുത്തുകഴിഞ്ഞാൽ സ്പീക്കർ അത് പ്രോസസ്സ് ചെയ്ത് ഒബ്സർവ് ചെയ്യുക എന്നല്ലാതെ ഇവിടെ ഒരു ചർച്ചയും ഇന്നേവരെ നടന്നിട്ടില്ല.

---

* ഫയൽ സ്പീക്കറുടെ പരിഗണനയിലാണ്.

* ഫയൽ സ്പീക്കറുടെ പരിഗണനയിലാണ്.

\+ ഫയൽ സ്പീക്കറുടെ പരിഗണനയിലാണ്.

പുതിയ കീഴ്വഴക്കങ്ങൾ നമ്മളുണ്ടാക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ഒരംഗം അവകാശലംഘനത്തിന് നോട്ടീസ് നൽകിയാൽ അങ്ങ് പറഞ്ഞതുപോലെയും കൈകാര്യം ചെയ്യാം; സഭയിൽ മെൻഷൻ ചെയ്യാൻ അനുവദിക്കുകയും ചെയ്യാം. രണ്ടും സ്വീകരിക്കാവുന്നതാണ്. (.......ബഹളം.....)

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവിടെ ചട്ടം 307 ഉന്നയിച്ചു. സാധാരണ സഭ നടന്നുകൊണ്ടിരിക്കുമ്പോൾ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ എക്സ്പഞ്ച് ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും ഒരംഗത്തിന്റെ പരാമർശങ്ങൾ അസഭ്യമാകുകയോ.....

മി. സ്പീക്കർ: ചെയറിന്റെ റൂളിംഗ് കഴിഞ്ഞല്ലോ, ഇനി എന്താണ് അങ്ങ് പറയുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങനെയല്ല. ഞാൻ പറയുന്നത് രണ്ടുമൂന്ന് ദിവസത്തിനുമുമ്പ് നടന്ന ഒരു കാര്യത്തെക്കുറിച്ച് പിന്നീട് ഒരാഴ്ച കഴിഞ്ഞ് അന്ന് സംസാരിച്ചിരുന്നുവെന്ന് പറഞ്ഞ് ചട്ടം 307 ഉന്നയിക്കാൻ പറ്റില്ല. അതൊരു കീഴ്വഴക്കമല്ല; അങ്ങനെയൊരു കീഴ്വഴക്കം സ്പീക്കർ ഉണ്ടാക്കുകയാണ്.

മി. സ്പീക്കർ: ഇരിക്കൂ.... ശ്രീ. പി. ടി. തോമസ് ഇപ്പോൾ സംസാരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾകൂടി ഉൾച്ചേർത്തുകൊണ്ടാണ് ശ്രീ. എം. സ്വരാജ് പറഞ്ഞത്.

അത് ഞാൻ പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നാണ് പറഞ്ഞത്. ഞാൻ റൂളിംഗ് നൽകിയിട്ടില്ല. ഇരിക്കൂ.....അങ്ങനെ ഡിബേറ്റ് ചെയ്യാൻ പറ്റില്ല.